മലയാള മനോരമ

# കായലിലും മൽസ്യം കുറഞ്ഞു

വേമ്പനാട്ടു കായലിൽനിന്ന് 52 മൽസ്യ ഇനങ്ങളും കക്കാ – ചെമ്മീൻ വിഭാഗത്തിൽപ്പെട്ട 14 ഇനങ്ങളും കണ്ടെത്തി. ഏട്രീയുടെ നേതൃത്വത്തിൽ നടന്ന ഫിഷ് കൗണ്ടിലാണ് ഈ കണ്ടെത്തൽ.

ജലഗുണനിലവാര പരിശോധനയിൽ ഉപ്പിന്റെ അംശം കണ്ടെത്താനായില്ല. ജലത്തിലെ കളകളുടെ വളർച്ചയ്ക്ക് ഒരു കാരണം ഇതാണ്. ഒട്ടേറെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കായലിൽ കണ്ടെത്തി.

വിവിധ മൽസ്യ ഇനങ്ങളുടെ സാന്ദ്രതയിൽ കുറവുണ്ട്. പരൽ വിഭാഗത്തിൽപ്പെട്ട മൽസ്യങ്ങൾ ഏറെ കാണപ്പെട്ടു. കഴിഞ്ഞ വർഷത്തെ സർവേയിൽ 65 മൽസ്യ ഇനങ്ങളാണ് കണ്ടെത്തിയത്. കായലിലെ നിലവാരത്തകർച്ചയാണ് മൽസ്യസമ്പത്തിന്റെ കുറവിനു കാരണം.

തണ്ണീർമുക്കം ബണ്ട് പോലുള്ള മനുഷ്യ നിർമിതികൾ വരുത്തുന്ന പ്രതികൂല സാഹചര്യങ്ങൾ, ടൂറിസം മേഖലയിൽ നിന്ന് ഉണ്ടാകുന്ന മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും, കണ്ടലുകൾ, കൈത മുതലായ സ്വാഭാവിക പ്രജനന കേന്ദ്രങ്ങളുടെ അഭാവം എന്നിവയാണ് മൽസ്യസമ്പത്തിനെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളെന്നും സർവേയിൽ കണ്ടെത്തി.

മന്ത്രി തോമസ് ഐസക് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രവർത്തകൻ കെ.വി. ദയാൽ അധ്യക്ഷത വഹിച്ചു. ഡോ. ബെന്നോ പെരേര സർവേയുടെ കണ്ടെത്തലുകൾ സമാഹരിച്ച് അവതരിപ്പിച്ചു.



പുന്നമട സ്റ്റാർട്ടിങ് പോയിന്റിനു സമീപം മത്സ്യബന്ധനം നടത്തുന്ന നടിച്ചിറ മണിയൻ.